കോഴിക്കോട് ജില്ലാ ജഡ്ജിയുടെ നടപടിക്രമം

ഹാജർ : ശ്രീമതി. ബിന്ദുകുമാരി.വി.എസ്. , ജില്ലാ ജഡ്ജ്

വിഷയം:- ജീവനക്കാര്യം - ജില്ലാ കോടതി, കോഴിക്കോട് - എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം പാർട്ട് ടൈം സ്വീപ്പറെ നിയമിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-

1. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 20.08.2025 തിയ്യതിയിലെ DEE-KZD/2180/2025-C2 നമ്പർ കത്ത്.
2. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 20.08.2025 തിയ്യതിയിലെ 20-2025/319 നമ്പർ ഉത്തരവ്.
3. ഈ കോടതിയുടെ 29.08.2024 തീയ്യതിയിലെ എ- 1-6921/2025 നമ്പർ കത്ത്.
4. സ.ഉ.(സാധാ) 1440/2022/എൽ.ബി.ആർ തീയതി 08.12.2022.

ഉത്തരവ് നമ്പർ : എ 1 - 10650/2025 **തിയ്യതി : 07.10.2025**

സൂചന 1 പ്രകാരം ഈ കോടതിയിൽ നിന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവ് അറിയിച്ചുകൊണ്ട് അയച്ച കത്തിന് മറുപടിയായി സൂചന 2 പ്രകാരം നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുമായി 03.10.2025 തീയ്യതി നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ താങ്കളെ താഴെ പേര് കാണിച്ചിരിക്കുന്ന കോടതിയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ താല്ക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	പേരും മേൽവിലാസവും	ജനന തീയ്യതി	വിദ്യാഭ്യാസ യോഗ്യത	പാർട്ട് ടൈം സ്വീപ്പറായി നിയമിച്ച കോടതി
1.	സുബി സ്റ്റീഫൻ .എസ്.പി റാം വില്ല, വാവിലശ്ശേരി ഹൗസ്, മാത്തറ, ഗുരുവായൂരപ്പൻ കോളേജ്. പി.ഒ, കോഴിക്കോട്- 673 014	04.05.1987	എസ്.എസ്.എൽ.സി	ജില്ലാ കോടതി, കോഴിക്കോട്

ഈ ഉത്തരവ് പ്രകാരം നിയമനം ലഭിച്ച താങ്കൾ ജില്ലാ കോടതി, കോഴിക്കോട് മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 15 (പതിനഞ്ച്) ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മറ്റൊരു അറിയിപ്പ് ഇല്ലാതെ തന്നെ നിയമനം റദ്ദ് ചെയ്യുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തെറ്റായ വിവരം നൽകിയാണ് ജോലി നേടിയതെന്ന് പിന്നീട് തെളിഞ്ഞാൽ അപ്പോൾ തന്നെ നിയമനം റദ്ദാക്കി ജോലിയിൽ നിന്നും പിരിച്ചുവിടുന്നതാണ്.

[Contd...]

താങ്കൾ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും അധികാരികളിൽ നിന്ന് ലഭിച്ചിട്ടുള്ള സ്വഭാവ സർട്ടിഫിക്കറ്റ് മേലധികാരി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

1. പാർലമെന്റ് അംഗങ്ങൾ
2. നിയമസഭാ അംഗങ്ങൾ
3. മജിസ്ട്രേറ്റുമാർ
4. കേന്ദ്ര / സംസ്ഥാന സർക്കാർ വകുപ്പിലെ ഗസറ്റഡ് ഉദ്യോഗസ്ഥർ
5. കോർപ്പറേഷൻ മേയർ
6. മുൻസിപ്പൽ ചെയർമാൻ
7. പഞ്ചായത്ത് പ്രസിഡണ്ടുമാർ
8. മാനേജ്മെന്റ് ഹൈസ്കൂളിലെ പ്രധാന അധ്യാപകർ

അതോടൊപ്പം 30.06.2011 തീയതിയിലെ ജി. ഒ. പി 20/2011/പി ആന്റ് എ. ആർ. ഡി പ്രകാരം, അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു ഡോക്ടറിൽ നിന്ന് ശാരീരികക്ഷമത തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ഓഫീസ് മേലധികാരി മുമ്പാകെ ഭരണഘടന പ്രകാരമുള്ള സത്യപ്രതിജ്ഞ കൈക്കൊള്ളേണ്ടതാണ്.

(ഒപ്പ്)
ജില്ലാ ജഡ്ജ്

സ്വീകർത്താവ്,
സുബി സ്റ്റീഫൻ .എസ്.പി
റാം വില്ല, വാവിലശ്ശേരി ഹൗസ്,
മാത്തറ, ഗുരുവായൂരപ്പൻ കോളേജ്. പി.ഒ,
കോഴിക്കോട്- 673 014

<u>പകർപ്പുകൾ :-</u>

1. രജിസ്ട്രാർ (ഡിസ്ട്രിക്ട് ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം.
2. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, കോഴിക്കോട്.
3. സീനിയർ സൂപ്രണ്ട്, ജില്ലാ കോടതി, കോഴിക്കോട്.
4. ജൂനിയർ സൂപ്രണ്ട് - II / III ജില്ലാ കോടതി, കോഴിക്കോട്.
5. സെക്ഷൻ - ബി1, ജില്ലാ കോടതി, കോഴിക്കോട്.
6. സെക്രട്ടറി, കെ.സി.ജെ.എസ്.ഒ, ജില്ലാ കമ്മറ്റി, കോഴിക്കോട്.
7. സെക്രട്ടറി, ജുഡീഷ്യൽ എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി
8. ഫയൽ
9. നടപടി ഫയൽ

ഉത്തരവിൻപ്രകാരം

DISTRICT AND SESSIONS COURT KOZHIKODE

ശിരസ്തദാർ